**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2343** **12-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാപ്കോസ് കൺസൾട്ടന്റായ, കിഫ്ബിയുടെ 30 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്ന പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ആയതിന്റെ ടെൻഡർ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കണ്ണൂർ ഗവ: മെഡിക്കൽ കോളേജിലെ കെട്ടിടങ്ങളിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി എസ്.പി.വി. ആയ വാപ്കോസ് ലിമിറ്റഡ് സമർപ്പിച്ച് കിഫ്ബി അംഗീകാരം നൽകിയ 29.78 കോടി രൂപയുടെ പദ്ധതിയ്ക്കായി സാങ്കേതിക അനുമതി പുറപ്പെടുവിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ വാപ്കോസ് സ്വീകരിച്ചു വരുന്നു. ആയത് വേഗത്തിലാക്കാനുള്ള നടപടികൾക്കായി അവലോകന യോഗങ്ങൾ കിഫ്ബി നടത്തുന്നുണ്ട്. |
| (ബി) | കിഫ്ബിയുടെ 52 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രോമാകെയർ യൂണിറ്റിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകാമോ? | (ബി) | കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള 51.297 കോടി രൂപയുടെ ട്രോമാകെയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ടി കെട്ടിടത്തിന്റെ ഡിസൈൻ അവലോകനം അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി പുറപ്പെടുവിച്ച് പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ വാപ്കോസ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ